**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3143** **22.6.2012-ൽ മറുപടിക്ക്**

**ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുവാൻ ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ലതിക | | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) | |
| എ) | മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി വീടുകളിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നത് എന്ന് വ്യക്തമാക്കുമോ; | എ) | സമ്പൂർണ്ണ ശുചിത്വം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഉറവിടമാലിന്യ നിർമ്മാർജ്ജനം ചെയ്യുന്നതിലേക്ക് കമ്പോസ്റ്റിംഗ് രീതികളും ബയോഗ്യാസ് പ്ലാന്റുകളും സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഇപ്രകാരം സ്ഥാപിക്കുന്ന ബയോഗ്യാസ് പ്ലാന്റുകളുടെ പ്രോജക്ട് കോസ്റ്റിന്റെ 50% സർക്കാർ വിഹിതമായും 25% ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വിഹിതമായും ബാക്കി 25% ഗുണഭോക്താക്കളും വഹിക്കേണ്ടതാണ്. |
| ബി) | ബയോഗ്യാസ് പ്ലാന്റുകളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് നിർദ്ദേശിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ? | ബി) | ദാരിദ്ര്യ രേഖക്ക് താഴെയും മുകളിലുമുള്ള എല്ലാ വിഭാഗം ആൾക്കാരിൽ നിന്നും അപേക്ഷകൾ സ്വീകരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനം സ്വീകരിക്കുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായി വേണം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടത് എന്ന് 24/2/12-ലെ സ.ഉ.(സാധാ)നം.561/12/ത.സ്വ.ഭ.വ ലൂടെ നിർദ്ദേശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ